സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഫോൺ നം: 0471 2317983 ഫാക്സ് : 0471 2310192 ഇ-മെയിൽ : secretarytdbtvm@gmail.com

ദേവസ്വം ബോർഡ് ആഫീസ്
തിരുവനന്തപുരം


ROC No. 421/15/Est-I — 17/11/2015

## സർക്കുലർ

വിഷയം :- തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ മാതൃകാ പെരുമാറ്റചട്ടം സംബന്ധിച്ച്.

സൂചന :- 16-11-2015 ലെ ബോർഡ് തീരുമാനം.

'ദേവസ്വം' എന്ന പദം വളരെ അധികം അന്വർത്ഥമാണ്. ദേവന് സ്വന്തമായ എല്ലാം ക്ഷേത്രങ്ങളും സ്വത്തുക്കളും എന്തിന് ക്ഷേത്ര ഭരണ സംവിധാനം പോലും ദേവസ്വമാണ്.

ശബരിമല ദേവസ്വം മണ്ഡലം-മകരവിളക്ക് ഉത്സവങ്ങൾ ആരംഭിക്കുകയാണ്. ഭക്തജനങ്ങൾക്ക് ഇത് വ്രതാനുഷ്ഠാന കാലമാണ്. മനുഷ്യർ മാത്രമല്ല മറ്റ് ജീവജാലങ്ങളും വ്രതം നോറ്റു തുടങ്ങിയ ഭക്തനെ സംബന്ധിച്ചിടത്തോളം 'സ്വാമി'യാണ്. അതുപോലെ സ്ത്രീജനങ്ങൾ എല്ലാം 'മാളികപ്പുറ'ങ്ങളാണ്. ഈ സമദർശനവും സമഭാവനയുമാണ് ശബരിമല പ്രദാനം ചെയ്യുന്ന മഹത്തായ സന്ദേശം.

അതിനാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള എല്ലാ തസ്തികകളിലുംപെട്ട ജീവനക്കാർ ഫോണിലൂടെയായാലും മുഖദാവിലായാലും സംഭാഷണം നടത്തുമ്പോൾ യഥോചിതം 'സ്വാമി', 'മാളികപ്പുറം' എന്നീ വാക്കുകൾ ഉപയോഗിക്കേണ്ടതാണ്. എഴുത്തുകുത്തുകളിൽ "സ്വാമി ശരണം" എന്ന മഹാമന്ത്രം ശീർഷകമായി കൊടുക്കേണ്ടതാണ്. ഉദ്യോഗസ്ഥരും ജീവനക്കാരും ടെലഫോൺ സംഭാഷണ വേളകളിൽ "സ്വാമി ശരണം" എന്ന മുഖവുരയോടെയാകണം സംഭാഷണം നടത്തേണ്ടത്.

ഈ നിർദ്ദേശം വൃശ്ചികം ഒന്ന് മുതൽ പ്രബല്യത്തിൽ വരുത്തുന്നതിലേക്കായി ബോർഡുത്തരവായ വിവരം അറിയിക്കുന്നു. ടി സർക്കുലർ എല്ലാ ജീവനക്കാരുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും ആഫീസ് മേധാവികൾക്കും
2. സെക്ഷൻ ഫയൽ
3. ഫയൽ ബുക്ക്
4. ഫെയർ ആഫീസ് കോപ്പി

SK